*അടിയന്തിരം*
*സമയപരിധി*

E2-1830/2014

അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) ഓഫീസ്
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം,
*email: apccf-admin.for@kerala.gov.in*
*Phone/Fax : 0471 2338491*
തീയതി : 18.09.2015.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം).

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
സതേൺ സർക്കിൾ, കൊല്ലം/
ഹൈറേഞ്ച് സർക്കിൾ, കോട്ടയം/
ഈസ്റ്റേൺ സർക്കിൾ, പാലക്കാട്/
നോർത്തേൺ സർക്കിൾ, കണ്ണൂർ.

ഫോറസ്റ്റ് കൺസർവേറ്റർ
(സെൻട്രൽ സർക്കിൾ), തൃശ്ശൂർ.

സർ,

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 10 % തസ്തികമാറ്റ നിയമനത്തിനായി നീക്കിവയ്ക്കുന്നത് - സംസ്ഥാനതല സംയോജിത സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 03.01.2014 ലെ G.O.(P)01/14/ ഉ.ഭ.പ.വ
2. 19.07.14 ലെ G.O.(P)21/14/ ഉ.ഭ.പ.വ
3. 28.05.2015 ലെ G.O.(P)16/14/ ഉ.ഭ.പ.വ

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതത് വകുപ്പിലെ ടി തസ്തികയേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിൽപ്പെട്ട (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടവർ ഉൾപ്പടെ) ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനുള്ള അനുമതി സൂചന (1), (2) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ജില്ലാതലത്തിൽ ലോവർ ഡിവിഷൻ ക്ലർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ ഒഴിവുകളുടെ 10% കണ്ടെത്തുവാൻ കഴിയാത്ത

വകുപ്പുകളിൽ ടി തസ്തികകളുടെ സംസ്ഥാനതല അംഗബലം കണക്കാക്കി ആകെ ഒഴിവുകളുടെ 10 % തസ്തികമാറ്റ നിയമനത്തിനായി നീക്കി വയ്ക്കാനും അപ്രകാരം നീക്കിവയ്ക്കുന്ന ഒഴിവുകളിലേയ്ക്ക് സംസ്ഥാനതല സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ യോഗ്യതയും സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകുവാനും സൂചന (3) ഉത്തരവുപ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വനം വകുപ്പിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയുടെ ഒഴിവുകളുടെ 10% താഴ്ന്ന ശമ്പള സ്കെയിലിൽപ്പെട്ട ജീവനക്കാർക്കായി (സബോർഡിനേറ്റ് സർവ്വീസ് ഉൾപ്പടെ) നീക്കി വച്ച് നിയമനം നടത്തുന്നതിനായി വനം വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനും 08/12/2004 ലെ ജി.ഒ.(പി)19/2004/ഉ.ഭ.പ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നേടിയിട്ടുള്ള താങ്കളുടെ സർക്കിളിനുകീഴിൽ വരുന്ന താഴ്ന്ന ശമ്പള സ്കെയിലിൽപ്പെട്ട ജീവനക്കാരുടെ അപേക്ഷ ലഭ്യമാക്കി 05.10.2015 ന് മുൻപായി ഈ ഓഫീസിൽ ക്രോഡീകരിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം) ക്കു വേണ്ടി.

പകർപ്പ് :1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FMIS) ന്. വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) / (ഫോറസ്റ്റ് മാനേജ്മെന്റ്)/ (വൈൽഡ്ലൈഫ്)
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)/(ഐ.എച്ച്.ആർ.ഡി)/സംരക്ഷണം/സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ന് മേൽ നടപടിയ്ക്കായി.

# Kerala Forest Department

## Application for By-Transfer Appointment as /LDT from Employees below the scale of pay of LDC/LDT (As per GO (P) No.1/2014/P&ARD Dt.03-01-2014.)

| | | |
|---|---|---|
| 1 | Name ,Designation and Office | |
| 2 | Name of entry post | |
| 3 | Method of Appointment:and PSC advice No./GO No. and date | |
| 4 | District of Appointment/DRB | |
| 5 | Order No.and date of appointing authority. | |
| 6 | Date of entry in service in the entry post. | |
| 7 | Date of entry in the present post. | |
| 8 | Date of Birth. | |

| | | |
|---|---|---|
| 9 | Educational Qualifications. | |
| 10 | Details of declaration of Probation in the present post with order No.and date and date of effect. | |
| 11 | Serial No. in the Seniority List of present category. | |
| 12 | Post to which appointment required. | |
| [illegible] | [illegible] | |

**Declaration**

The informations furnished above is correct to the best of my knowledge and are based on valid documents.

Name and Signature of the applicant with date.

CERTIFICATE OF HEAD OF OFFICE

Certified that the particulars given in the application have been verified with the original documents and found correct.

Place:
Date:

**Signature**
**Name and Designation of Head of Office.**